# ഉള്ളിൽനിന്നുള്ള ഉറവകൾ

## സുധാ മൂർത്തി

സാമൂഹിക പ്രവർത്തകയും കന്നട കഥാകൃത്തുമായ സുധാ മൂർത്തിയുടെ ഓർമ്മക്കുറിപ്പുകളുടെ സമാഹാരം. *ജീവിതത്തിലേക്കു ചേർത്തു തുന്നിയ മൂവായിരം തുന്നലുകൾ, ജീവിതത്തിന്റെ രഹസ്യപാഠങ്ങൾ* തുടങ്ങി മലയാളിയുടെ സ്വകാര്യ പുസ്തകക്കൂട്ടങ്ങൾക്കിടയിൽ സൂക്ഷിച്ചുവയ്ക്കാൻ മറ്റൊരു പുസ്തകംകൂടി. സ്വജീവിതത്തിൽനിന്നും പകർത്തിയെഴുതിയ ഈ ഓർമ്മക്കൂട്ടിലെ ഓരോ വരികളും വായനക്കാരുടെയുള്ളിൽ പുതുചൈതന്യം നിറയ്ക്കാൻ പര്യാപ്തമാണ്.

വിവർത്തനം: ഷബിത

ഡി സി ബുക്സ്
www.dcbooks.com


ഓർമ്മ

കവർ ഡിസൈൻ
ബിനീഷ് കെ. ആർ.

9 789353 902885

₹ 230
E-book Available

സുധാ മൂർത്തി • ഉള്ളിൽനിന്നുള്ള ഉറവകൾ



2558

# ഉള്ളിൽനിന്നുള്ള ഉറവകൾ

**സുധാ മൂർത്തിയുടെ പ്രിയ ജീവിതകഥകൾ**

ഡിസി ബുക്സ്
സുവർണ്ണവർഷം

## സുധാ മൂർത്തി

1950-ൽ ഉത്തരകർണാടകയിലെ ഷിഗോണിലാണ് സുധാ മൂർത്തിയുടെ ജനനം. കമ്പ്യൂട്ടർസയൻസിൽ എം.ടെക് പൂർത്തിയാക്കി, ഇപ്പോൾ ഇൻഫോസിസ് ഫൗണ്ടേഷന്റെ ചെയർപേഴ്സൺ ആണ്. ഇംഗ്ലീഷ്, കന്നട ഭാഷകളിലായി ധാരാളം എഴുതിയിട്ടുള്ള ഇവരുടേതായി, നോവലുകൾ, യാത്രാവിവരണങ്ങൾ, സാങ്കേതിക പുസ്തകങ്ങൾ, ചെറുകഥാസമാഹാരങ്ങൾ, സാഹിത്യേതര ലിഖിതങ്ങൾ, ബെസ്റ്റ് സെല്ലിങ് ബാലസാഹിത്യങ്ങൾ എന്നിങ്ങനെ മുപ്പതിലധികം പുസ്തകങ്ങളുണ്ട്. സുധാ മൂർത്തിയുടെ പുസ്തകങ്ങൾ പല പ്രമുഖ ഇന്ത്യൻഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ആർ.കെ നാരായൺ അവാർഡ് (2006), പദ്മശ്രീ (2006), കന്നടസാഹിത്യത്തിലെ മികച്ച രചനയ്ക്കുള്ള കർണ്ണാടക സർക്കാരിന്റെ അത്തിമബെ അവാർഡ് (2011), 2018-ൽ ക്രോസ്‌വേഡ് ബുക്കിന്റെ സമഗ്ര സംഭാവനയ്ക്കുള്ള അവാർഡ്, 2020-ൽ ലാൽ ബഹാദൂർ ശാസ്ത്രി നാഷണൽ അവാർഡ് ഫോർ എക്സലെൻസ്, പദ്മഭൂഷൺ (2023) എന്നീ പുരസ്കാരങ്ങളാൽ സമ്മാനിതയായി. നിലവിൽ രാജ്യസഭാംഗമാണ്.

### സുധാ മൂർത്തിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ:

തിരികൊളുത്തൂ ഇരുൾ മായട്ടെ, ഡോളർ മരുമകൾ, മഹാശ്വേത, രണ്ട് അമ്മക്കഥകൾ, ജീവിതത്തിന്റെ രഹസ്യപാഠങ്ങൾ, മായാലോകത്തിലെ നൂനി, ജീവിതത്തിലേക്കു ചേർത്തു തുന്നിയ മൂവായിരം തുന്നലുകൾ,
ഉള്ളിൽനിന്നുള്ള ഉറവകൾ, കഥ പറയാനൊരു മുത്തശ്ശി, മാന്ത്രിക കുടുക്ക, ഗോപി ഡയറീസ്, ഒരു നദിയും കുറേ മായക്കാഴ്ചകളും.

### ഷബിത

കോഴിക്കോട് അത്തോളി സ്വദേശം. ഇംഗ്ലീഷ് സാഹിത്യത്തിൽ എം.ഫിൽ, മലയാളം, ജേർണലിസം എന്നിവയിൽ മാസ്റ്റർ ബിരുദം. *ഗീതാഞ്ജലി, അരുന്ധക്കനി* എന്നീ നോവലുകളും *മൊലപ്പാമ്പ്, മന്ദാക്രാന്താമഭനതതഗം* എന്നീ കഥാസമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡി സി ബുക്സ് പ്രസിദ്ധീകരിച്ച ലോക ക്ലാസിക് വിവർത്തനത്തിൽ ഷെർവുഡ് ആന്റേഴ്സൺ കഥകളും സുധാ മൂർത്തിയുടെ ഓർമ്മക്കുറിപ്പുകളുടെ രണ്ട് സമാഹാരവും വിവർത്തനം ചെയ്തു. കഥയും തിരക്കഥയും നിർവ്വഹിച്ച 'പുള്ള്' നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. മാതൃഭൂമിയിൽ സബ് എഡിറ്ററായി ജോലി ചെയ്യുന്നു.

സുധാ മൂർത്തിയുടെ പുസ്തകങ്ങൾ
പരിചയപ്പെടാൻ ക്യു ആർ കോഡ്
സ്കാൻ ചെയ്യൂ.

# ഉള്ളിൽനിന്നുള്ള ഉറവകൾ

സുധാ മൂർത്തിയുടെ പ്രിയ ജീവിതകഥകൾ

## സുധാ മൂർത്തി

വിവർത്തനം
**ഷബിത**

ഡി സി ബുക്സ്

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
Here, There and Everywhere

MEMOIR
*by* Sudha Murty

MALAYALAM TITLE
Ullilninnulla Uravakal: Sudha Murtyude Priya Jeevitha Kathakal
*Translated by* Shabitha

Rights Reserved
Copyright © Sudha Murty 2018

First Published May 2020
This edition - September 2024

P-ISBN: 978-93-5390-286-5
E-ISBN: 978-93-5390-287-2

Distributors : D C Books-Current Books, INDIA

Printed in India: D C Press, Kottayam, INDIA.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Sudha Murty.
Ullilninnulla uravakal/Sudha Murty;
Malayalam translation/Shabitha
184 p., 21 cm.
ISBN 978-93-5390-286-5.
1. Malayalam translation of 'Here, there and everywhere.'
I. Memoir. 2. Malayalam translation. I. Title.
II. Title-English. III. Shabitha
920-dc22.

*The views and opinions expressed in this book are the author's own and the facts are as reported by him, and the publishers are not in any way liable for the same.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

810/24-25 -Sl.No. 27070-dcb 7451-(6)-1000-5409-08-24-hn 60-T1-e dd-d(t) py

# ആമുഖം

പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട് എന്റെ കഥകളിൽ ഞാൻ മാത്രമേയുള്ളൂവെന്ന്. ഞാൻ കണ്ടുമുട്ടിയ സുഹൃത്തുക്കളെക്കുറിച്ചോ കുടുംബത്തെക്കുറിച്ചോ പരിചയപ്പെട്ടവരെക്കുറിച്ചോ ഒക്കെയാണ് ഞാനെഴുതാറ്. എന്തൊക്കെയായാലും ഞാനെഴുതുന്ന അനുഭവങ്ങൾ എന്റെയാണ്. അത്തരം അനുഭവങ്ങളെഴുതുമ്പോൾ എനിക്ക് എന്നെ മാറ്റിനിർത്താനാവുകയില്ല. ഈ പുസ്തകത്തിലും എന്റെ ഇതുവരെയുള്ള ജീവിതത്തിലെ ഏറ്റവും ഹൃദ്യമായ അനുഭവങ്ങളാണ് ഞാനെഴുതിയിരിക്കുന്നത്. ഒരു പൂമാലയിലെ മനോഹരമായ പൂക്കളെപ്പോലെ ഞാനത് ഇവിടെ കോർത്തുവെക്കട്ടെ. രണ്ടു പുതിയ പൂക്കളെക്കൂടി കോർത്തിണക്കിയതാണ് ഈ പുസ്തകത്തിന്റെ ആകർഷണീയത. ഒന്നെന്റെ സാഹിത്യസപര്യയാണെങ്കിൽ മറ്റേത് മനുഷ്യസ്നേഹത്തെക്കുറിച്ചുള്ള ചിന്തകളും അർത്ഥങ്ങളും തേടിയുള്ള യാത്രയുടേതാണ്.

എന്റെ സഹോദരൻ ശ്രീനിവാസനാണ് ഞാനീ പുസ്തകം സമർപ്പിക്കുന്നത്. ശ്രീനിവാസനെക്കുറിച്ച് എഴുതുക എന്നത് സുഖകരവും എന്നാലത്രയ്ക്കു തന്നെ വിഷമകരവുമാണ്. എനിക്കവന്റെ ഛായയാണുള്ളത്. ഞാനവനെപ്പോലെ ചിന്തിക്കുന്നു, വായിക്കുന്നു, ഭക്ഷണം കഴിക്കുന്നു. ശ്രീനിവാസൻ പിറന്നതുമുതൽ അവനുമായുള്ള ചങ്ങാത്തം ഞാനാസ്വദിക്കുന്നുണ്ട്—ഞാൻ കുടുംബത്തിലെ രണ്ടാമത്തെ കുട്ടിയും അവൻ നാലാമത്തേതുമായിരുന്നു. ഒരു മടുപ്പും കൂടാതെ മണിക്കൂറുകളോളം അവന്റെയൊപ്പം ചെലവഴിക്കാൻ എനിക്കു കഴിയും.

ശ്രീനിവാസനിന്ന് ലോകമറിയപ്പെട്ട ഒരു ജ്യോതിശ്ശാസ്ത്രജ്ഞനാണ്. ധാരാളം അംഗീകാരങ്ങളും പുരസ്കാരങ്ങളും അവൻ തന്റെ കർമ്മമേഖലയിൽനിന്ന് നേടിയിട്ടുണ്ട്. ശ്രീനിവാസന്റെ എല്ലാ പ്രവർത്തനങ്ങളും എനിക്കു തികച്ചും അജ്ഞാതമാണ്. എന്റേതു തിരിച്ച് അവനും അങ്ങനെതന്നെയാണ്. തികച്ചും അപ്രായോഗികമായ കാര്യങ്ങളിലാണ് അവൻ ശ്രദ്ധ മുഴുവൻ കൊടുത്തിരിക്കുന്നത് എന്നാണു ഞാൻ വിചാരിക്കുന്നത്. സമൂഹത്തിൽ താനെങ്ങനെ അവതരിപ്പിക്കപ്പെടുന്നു എന്നതിനെക്കുറിച്ചോ സാമൂഹികൗചിത്യങ്ങളെക്കുറിച്ചോ മറ്റുള്ളവർ തന്നെക്കുറിച്ച് എന്തു വിചാരിക്കും, താനെന്ത് ഭക്ഷണം കഴിക്കും എന്നതിനെക്കുറിച്ചുവരെ ചിന്തിക്കാത്ത, പ്രാധാന്യം കല്പിക്കാത്ത ഒരു വ്യക്തിത്വത്തിനുടമയാണ് ശ്രീനിവാസൻ. ഇത്തരം കാര്യങ്ങളിൽ എന്റെ

സമീപനമാകട്ടെ തികച്ചും ഒരു പ്രായോഗികമതിയുടേതാണുതാനും. ഈ കാലയളവിൽ ഒരുപാട് സംഘടനകളുടെ നിർവ്വാഹകസമിതി അംഗമാണ് ഞാൻ. ഞങ്ങളുടെ ജോലികളിലെ വൈരുദ്ധ്യമൊഴിച്ചാൽ ഞങ്ങൾ ഉറ്റ സുഹൃത്തുക്കളാണ്.

കുട്ടികളായിരിക്കുമ്പോൾ വേനലവധിക്കാലത്ത് ഞാനും ശ്രീനിവാസനും കൂടി ഡിക്ഷണറി മനഃപാഠമാക്കാൻ തീരുമാനിച്ചു. ഞങ്ങളുടെ പ്രദേശത്ത് സ്ഥാപിച്ച ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ആദ്യബാച്ചുകാരനാണ് ശ്രീനിവാസൻ. കേന്ദ്രീയവിദ്യാലയമായിരുന്നു അത്. അതുകൊണ്ടുതന്നെ അവൻ ഇംഗ്ലീഷ് വാക്കുകളുടെ ചുമതലയാണ് ഏറ്റെടുത്തത്. ഞാനത് കന്നടയിലേക്കാക്കുന്നതിൽ പലപ്പോഴും തെറ്റുവരുത്തുകയും ചെയ്തു. ഞങ്ങൾ കുട്ടികൾക്ക് ഒരു ഉത്തരവാദിത്വംകൂടിയുണ്ടായിരുന്നു, വീട്ടിലെ നായയെ പുറത്തുവിടുമ്പോൾ അതിനൊപ്പം നടക്കണം. നായയെ പുറത്തുകൊണ്ടുപോകാൻ ഞങ്ങൾക്ക് താത്പര്യം ഇല്ലായിരുന്നു. കാരണം ഈ സമയംകൂടി ലഭിച്ചാൽ കുറച്ചു വാക്കുകൾകൂടി പഠിച്ചെടുക്കാം. അല്പസമയത്തെ ആലോചനയ്ക്കുശേഷം ഞങ്ങൾ ഒരു തീരുമാനത്തിലെത്തി. നായയോടൊപ്പം നടക്കുന്ന സമയത്തും പുതുതായി പഠിച്ച വാക്കുകൾ ഉരുവിട്ടുകൊണ്ട് വിരസത ഒഴിവാക്കി നടക്കാം.

ആ പദ്ധതി പ്രായോഗികമാക്കിയപ്പോൾ ഞങ്ങൾക്ക് വിചാരിച്ചതിലും കൂടുതൽ ചെയ്യാൻ പറ്റി. മധ്യമയോഗത്തെക്കുറിച്ച് ഞാനെന്നെത്തന്നെ അഭ്യസിപ്പിച്ചപ്പോൾ എന്റെ സഹോദരൻ സംസ്കൃതം പഠിച്ചു. ത്രിമാനഗണിതത്തെക്കുറിച്ച് ഞാനവനോട് ഒരിക്കൽ പറഞ്ഞു. അവന്റെ സ്കൂൾ സിലബസിലില്ലാത്ത ആ വിഷയം വളരെ പെട്ടെന്നാണ് അവൻ എന്നിൽനിന്ന് ഗ്രഹിച്ചത്. ത്രിമാനഗണിതത്തെക്കുറിച്ച് വളരെ വേഗത്തിൽത്തന്നെ അവൻ മനസ്സിലാക്കിയെടുത്തത് എന്നെ അത്ഭുതപ്പെടുത്തി. പലപല വിഷയങ്ങളെക്കുറിച്ച് സംവാദത്തിലേർപ്പെടുക എന്നതും ഞങ്ങൾക്കിഷ്ടമുള്ള കാര്യമായിരുന്നു.

ഓർമവെച്ച നാൾമുതൽ ശ്രീനിവാസൻ അവന്റെ മൂന്നു സഹോദരിമാരെയും ഒരേപോലെ സ്നേഹിച്ചിട്ടുണ്ടായിരുന്നു. പതിന്നാലു വയസ്സുള്ളപ്പോഴാണ് നാഗ്പൂരിൽ ഒരു സംവാദ മത്സരത്തിനുപോയി ക്യാഷ് പ്രൈസുമായി അവൻ വന്നത്. ആ പണംകൊണ്ട് അവൻ ഒരു സാരി വാങ്ങി. ഞങ്ങൾ മൂന്നുപേർക്കുമായി അതു സമ്മാനിച്ചുകൊണ്ട് അവൻ പറഞ്ഞു: “ഇതാണെനിക്കിപ്പോൾ ചെയ്യാൻ കഴിയുന്നത്. നിങ്ങളെല്ലാവരും ഈ സാരി പങ്കുവെച്ചുടുക്കണം.”

കാലം മാറി, ഞങ്ങളുടെ ജീവിതവും. സന്തോഷത്തിലും സങ്കടത്തിലും ഇപ്പോഴും ഞങ്ങൾ നാലുപേരും ഒരുപോലെ പങ്കുചേരുന്നു. കഴിഞ്ഞ നാല്പതുവർഷമായി എന്റെ സഹോദരൻ മറ്റൊരു രാജ്യത്താണ് ജീവിക്കുന്നത്. ഞങ്ങൾ വർഷത്തിലൊരിക്കലേ കാണാറുള്ളൂ. ഞങ്ങളുടെ സ്നേഹം അത്യന്തം ദൃഢമേറിയതാണ്. എക്കാലത്തേക്കുമായാണ് എന്റെ ഹൃദയത്തിൽ അവൻ കുടിയേറിയിരിക്കുന്നത്. എന്നെക്കാളും കരുതലും സ്നേഹവും ഉണ്ടെങ്കിലും അതൊന്നും പുറമേക്ക് പ്രകടിപ്പിക്കുന്ന പ്രകൃതക്കാരനല്ല എന്റെ സഹോദരൻ. നക്ഷത്രങ്ങളുടെയും ഉൽക്കകളുടെയും അഗാധഗർത്തങ്ങളുടെയും അന്യഗ്രഹങ്ങളുടെയും ജ്യോതിശ്ശാസ്ത്രത്തിന്റെയും ലോകത്താണവൻ ജീവിക്കുന്നത്. അവന് സമ്മാനിക്കാൻ ആത്മാർത്ഥമായി ഈയൊന്നുമാത്രമേ എന്റെ പക്കലുള്ളൂ. പ്രിയപ്പെട്ടതും മൂല്യവത്തുമായ, എന്റെ ജീവന്റെയൊരു ഭാഗമായ ഈ പുസ്തകം മാത്രം.

# ഉള്ളടക്കം


കഥകൾക്കു പിന്നിലെ കഥ .......... 13

അമ്മേ, എന്താണ് നിങ്ങളുടെ കടമ? .......... 28

ഉള്ളിൽനിന്ന് ഉറവെടുക്കുന്ന ഉണ്മ .......... 33

ചുവന്ന അരിയുള്ള പത്തായം .......... 37

അലസനായ പൊർട്ടാദോ .......... 41

എഴുതപ്പെടാത്ത ഒരു ജീവിതം .......... 49

വിഭാഗീയതയുടെ രേഖ/വിഭജനത്തിന്റെ രേഖ .......... 58

ഭാരതമെന്ന പുണ്യഭൂമി .......... 66

എല്ലാം ബിസ്‌ലേരി .......... 71

ഇന്ത്യയിലേയുള്ളൂ ഇത്തരം നികൃഷ്ടതകൾ .......... 77

ഞാൻ എന്റെ മുത്തശ്ശിയെ വായിക്കാൻ പഠിപ്പിച്ച വിധം .......... 83

റഹ്മാന്റെ അവ്വ .......... 88

കന്നുകാലി ക്ലാസ് .......... 97

വൃദ്ധനും അദ്ദേഹത്തിന്റെ ദൈവവും .......... 104

യാചകനിൽനിന്നൊരു പാഠം .......... 108

നൂറു കുട്ടികളുടെ അമ്മയാവാൻ കഴിയട്ടെ .......... 112

ആഹാരത്തിലേക്കൊരു ചിന്ത .......... 122

ബോംബെയിൽനിന്നും ബാംഗ്ലൂരിലേക്ക് .......... 133

ദുരിതപൂർണ്ണമായ വിജയം / ദുർഘടമായ വിജയം .......... 144

ആൺകുട്ടികളെ എങ്ങനെ തോല്പിക്കാം .......... 150

ജീവിതത്തിലേക്കു ചേർത്തു തുന്നിയ മൂവായിരം തുന്നലുകൾ .......... 163

ഫിലാന്ത്രോപിയുടെ അർത്ഥം .......... 178

# ഉള്ളിൽനിന്നുള്ള ഉറവകൾ

## സുധാമൂർത്തിയുടെ പ്രിയ ജീവിതകഥകൾ